"ഭരണഭാഷ - മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004, കേരളം
ടെലഫോൺ നം. : 0471 - 2514602
ഇമെയിൽ - sourakseb@gmail.com
വെബ്സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

## സംഗ്രഹം

സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് അപേക്ഷക്കായി ഓൺലൈൻ പോർട്ടൽ സംവിധാനം തയ്യാറാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു;

---

**കോർപറേറ്റ് ഓഫീസ് (സൗര)**

**ബോർഡ് ഓർഡർ (എഫ്.റ്റി.ഡി.)നം. 585 /2020 – സൗര/ യു എസ് ആർ പി/20-21**

**തിരുവനന്തപുരം തീയതി : 22. 09. 2020**

---

പരാമർശം:

1. കേന്ദ്ര നവ പുനരപയോഗ മന്ത്രാലയത്തിന്റെ 13/11/18 ലെ കത്ത്.
2. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ പ്രോജക്ട് ഓഫീസർക്ക് കെ.എസ്.ഇ.ബിയുടെ ചെയർമാൻ & മാനേജ്മെന്റ് ഡയറക്ടർ നൽകിയ 27/08/19 ലെ കത്ത്.
3. നോഡൽ ഓഫീസർ(സൗര) യുടെ നം.സൗര/യു എസ് ആർ പി / 2020 - 21 കുറിപ്പ് (അജണ്ട 41/08/20)

## ഉത്തരവ്

കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം 20.08.2019 ൽ പുറത്തിറക്കിയ രണ്ടാം ഘട്ട ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഉപഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാവുന്നതിനും, ഡിസ്കോമുകൾക്ക് ഇൻസന്റീവ് ലഭിക്കുന്നതിനും പുരപ്പുറ സോളാർ അപേക്ഷകളും അതിനായുള്ള നടപടിക്രമങ്ങളും പൂർണ്ണമായി

ഓൺലൈൻ സംവിധാനം തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്ന് ലഭ്യമാക്കാൻ പരാമർശം 1 പ്രകാരം കേന്ദ്ര നവ, പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സാങ്കേതിക സഹായം ലഭിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് പരാമർശം 2 പ്രകാരമുള്ള കത്ത് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന് നൽകുകയുണ്ടായി. ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് ടെക്നിക്കൽ അസിസ്റ്റന്റ് പ്രോഗ്രാമിന്റെ കൺസോർഷ്യം പാർട്നർമാരായ കെ പി എം ജി - ഇദാം എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് പ്രസ്തുത പോർട്ടൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് സൗജന്യമായി വികസിപ്പിച്ച് നൽകുന്നതിന് തയ്യാറായിട്ടുള്ളത്. ഇത്തരത്തിൽ പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ബില്ലിംഗ് സോഫ്റ്റ് വെയറായ ഒരുമാനെറ്റ്, സ്ഥാപനത്തിന്റെ പെയ്മന്റ് ഗേറ്റ് വേ, കേന്ദ്ര നവ പനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ സ്പിൻ പോർട്ടൽ എന്നിവയുമായി ബന്ധിപ്പിച്ചു വേണം പോർട്ടൽ തയ്യാറാക്കാൻ എന്നതിനാലും, പോർട്ടൽ സംവിധാനം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഡേറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യണമെന്നതിനാലും പരാമർശം 3 പ്രകാരം സൗര സ്റ്റേറ്റ് നോഡൽ ഓഫീസർ മുഴവൻ സമയ ഡയറക്ടർമാർക്ക് ഇത് സംബന്ധിച്ച് ഒരു കുറിപ്പ് നൽകുകയുണ്ടായി. ഈ കുറിപ്പ് 12/08/20 ൽ കൂടിയ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ അജണ്ട ഐറ്റം നം. 41/8/20 ആയി പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി.

1. സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ സംവിധാനം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഡേറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുന്നതിന് ചീഫ് എഞ്ചിനിയർ (ഐ റ്റി )യെ ചുമതലപ്പെടുത്തി.

2. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ബില്ലിംഗ് സോഫ്റ്റ് വെയറായ ഒരുമാനെറ്റ്, സ്ഥാപനത്തിന്റെ പെയ്മന്റ് ഗേറ്റ് വേ, കേന്ദ്ര നവ പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിന്റെ സ്പിൻ പോർട്ടൽ എന്നിവയുമായി ബന്ധിപ്പിച്ചു ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്ന ചുമതല ചീഫ്

3. പ്രസ്തുത ഓൺലൈൻ പോർട്ടലിന്റെ ആന്വൽ മെയിന്റൻസ് കോൺട്രാക്റ്റ് വ്യവസ്ഥകൾ, എം എൻ ആർ ഇ, എ.ഡി.ബി എന്നിവരുമായി ചർച്ച ചെയ്ത് രൂപം നൽകുന്നതിന് സൗര സ്റ്റേറ്റ് നോഡൽ ഓഫീസറെ ചുമതലപെടുത്തി.

4. പ്രസ്തുത ക്രമീകരണങ്ങൾ ചീഫ് എഞ്ചിനീയർ (ഐ റ്റി ) നൽകിയ നിർദ്ദേശങ്ങൾ (അനുബന്ധം 1) പരിഗണിച്ച് നടപ്പാക്കാൻ തീരുമാനിച്ചു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം**

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്:
**സ്റ്റേറ്റ് നോഡൽ ഓഫീസർ (സൗര)**

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടർ / ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ)/ഡയറക്ടർ (ജനറേഷൻ(ഇല) & എസ്.സി.എം)/ ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്.ആർ.എം.)/ ഡയറക്ടർ പ്ലാനിംഗ് & സേഫ്റ്റി) ഡയറക്ടർ (ജനറേഷൻ (സിവിൽ) എന്നിവരുടെ സാങ്കേതിക ഉപദേഷ്ടാക്കൾ,, ഫിനാൻസ് ഡയറക്ടറുടെ പി. എ., ചീഫ് വിജിലൻസ് ഓഫീസർ/ഭരണവിഭാഗം സെക്രട്ടറി എന്നിവരുടെ സീനിയർ സി.എ., ചീഫ് എഞ്ചിനീയർ (ഐ.ടി.), ഫൈനാൻഷ്യൽ അഡ്വൈസർ, ചീഫ് പെഴ്സണൽ ഓഫീസർ, ചീഫ് ഇന്റേണൽ ഓഡിറ്റർ, ഫെയർ കോപ്പി സൂപ്രണ്ട്, ലൈബ്രറി, കരുതൽ ഫയൽ

ഉത്തരവിൽ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനിയർ

## ബോർഡ് ഓർഡർ (എഫ്.റ്റി.ഡി. നം 585/2020- സൗര / യു എസ് ആർ പി / 20-21 തിയതി 22/09/20 - ന്റെ അനുബന്ധം 1

1) സോളാർ പോർട്ടൽ പൊതുജനങ്ങളുടെ ആവശ്യത്തിനായതിനാൽ ഡേറ്റ സെന്ററിലേക്ക് ഹോസ്റ്റ് ചെയ്യുന്നതിന് മുൻപ് ഒരു അംഗീകൃത CER-IN Empanelled ഏജൻസി മുഖേന സെക്യൂരിറ്റി പരിശോധന നടത്തേണ്ടതാണ്.

2) ആവശ്യമായ ഡേറ്റ എൻക്രിപ്ഷൻ സ്റ്റാൻഡേർഡ് ഉറപ്പാക്കുന്നതിനായി പോർട്ടലിനുആവശ്യമായ SSL സെർറ്റിഫിക്കേഷൻ, സെർട്ടിഫയിങ് ഏജൻസിയിൽനിന്നും ലഭിച്ചിട്ടുണ്ടാകേണ്ടതാണ്.

3) ഡേറ്റ കൈമാറ്റം പബ്ലിക് നെറ്റ്വർക്ക് മുഖേന നടത്തുന്നതിനാൽ പെയ്മെന്റ് ഗേറ്റവേയിലേക്കും MNRE യുടെ SPIN പോർട്ടലിലേക്കും സൗര പോർട്ടൽ ഇന്റഗ്രേറ്റ് ചെയ്യുന്ന സമയം അനുയോജ്യമായ സെക്യൂരിറ്റി സ്റ്റാൻഡേർഡും IP യുടെ സ്റ്റാൻഡേർഡ് പ്രാക്റ്റീസും നടപ്പിലാക്കേണ്ടതാണ്.

4) മറ്റു പോർട്ടലിലേക്കു ഇന്റഗ്രേറ്റ് ചെയ്യന്ന സമയം ഡേറ്റ സുരക്ഷ ഉറപ്പാക്കേണ്ടതാണ്. ആയതിനാൽ ഇപ്രകാരമുള്ള ഇന്റഗ്രേഷൻ ബോർഡ് അംഗീകാരത്തോടെമാത്രമേ ചെയ്യാൻ പാടുള്ളു.

5) സോളാർ പോർട്ടലും ബില്ലിംഗ് സോഫ്റ്റ്വെയറുമായുള്ള ഇന്റഗ്രേഷൻ ഡേറ്റ സെന്റർ നെറ്റ്വർക്കിനുള്ളിലായതിനാൽ ഡേറ്റ സുരക്ഷ ഉറപ്പാക്കാം.

6) ഏതെങ്കിലും മൊബൈൽ ആപ്പ് പ്രസ്തുത പോർട്ടലിന്റെ ഭാഗമായി തയ്യാറാകുകയാണന്ക്കിൽ ഒരു അംഗീകൃത CERT-IN Empanelled ഏജൻസി മുഖേന സെക്യൂരിറ്റി ഓഡിറ്റ് ചെയിതിരിക്കേണ്ടതാണ്. ഇതേ കിഴ്വഴക്കം മൊബൈൽ ആപ്പും സെൻട്രൽ സെർവറും തമ്മിലുള്ള ഡേറ്റ കൈമാറ്റത്തിനും പാലിക്കേണ്ടതാണ്.